## 12

# “അടുത്തിരിക്കുന്നു!”

**വായനാ പ്രവർത്തനം #3**

II. യോഹന്നാൻ, എന്ന സ്നാപകന്റെ ശുശ്രൂഷയുടെ ആരംഭം.
   A. യോഹന്നാന്റെ ശുശ്രൂഷ (മത്താ. 3:1–6; മർക്കൊ. 1:1–6; ലൂക്കൊ. 3:1–6).
   B. യോഹന്നാന്റെ സന്ദേശം (മത്താ. 3:7–12; മർക്കൊ 1:7, 8; ലൂക്കൊ. 3:7–18).
III. യേശുവിന്റെ ശുശ്രൂഷയുടെ ആരംഭം.
   A. യേശു യോർദ്ദാൻ നദിയിൽ യോഹന്നാനാൽ സ്നാനം ഏറ്റു (മത്താ. 3:13–17; മർക്കൊ. 1:9–11; ലൂക്കൊ. 3:21, 22; യോഹ. 1:31–34).
   B. മരുഭൂമിയിൽ യേശു പരീക്ഷിക്കപ്പെട്ടു (മത്താ. 4:1–11; മർക്കൊ. 1:12, 13; ലൂക്കൊ. 4:1–13).
   C. യേശുവിനെ കുറിച്ചുള്ള യോഹന്നാന്റെ സാക്ഷ്യം (യോഹ 1:19–34).

---

### മുഖവുര

യോഹന്നാൻ സ്നാപകൻ “യെഹൂദ്യാ മരുഭൂമിയിൽ പ്രസംഗിക്കു വാൻ, വന്നപ്പോൾ,” അവന്റെ സന്ദേശത്തിന്റെ മുഖ്യ വിഷയം “സ്വർഗ്ഗ[1] രാജ്യം സമീപിച്ചിരിക്കയാൽ, മാനസാന്തരപ്പെടുവിൻ” എന്നായിരുന്നു (മത്തായി 3:1, 2). അവന്റെ വായനക്കാർക്ക് ആ വാക്കുകൾ എത്ര ആവേശം ജനിപ്പിക്കുന്നതായിരുന്നു എന്നതു ഉൾക്കൊള്ളുവാൻ നമുക്ക് പ്രയാസമാണ്. മശിഹയുടെ യുഗം “ആസന്നമായിരുന്നു”! മശിഹ തന്നെ നേരിട്ടു വരുവാൻ ഇനി അധിക നാളുകളില്ലായിരുന്നു!

“നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു” എന്ന പാഠം കേന്ദ്രീകരി ച്ചിരുന്നത് യേശുവിന്റെ ജീവിതത്തിലെ ആദ്യ മുപ്പതു വർഷത്തെയാണ് – അതായതു ഒരുക്കത്തിന്റെ വർഷങ്ങൾ. അടുത്ത പാഠം യേശു ക്രിസ്തുവാണെന്നു തെളിയിക്കുവാൻ തുടങ്ങിയപ്പോഴുള്ള, അവന്റെ പ്രവൃത്തികളുടെ പ്രാരംഭ കാലത്തെ രേഖപ്പെടുത്തുന്നു. ഇതിനു രണ്ടിനും ഇടയ്ക്ക്, അവസാന നിമിഷ ഒരുക്കം ആവശ്യമായിരുന്നു. ഈ പഠനം യേശുവിന്റെ പരസ്യശുശ്രൂഷ ക്കുള്ള പശ്ചാത്തലം ഒരുക്കുന്ന സംഭവങ്ങളെ കുറിച്ചുള്ളതാണ്.

### മശിഹയെ കാത്തിരുന്നു

**(മത്താ. 3:1-12; മർക്കൊ. 1:1-8; ലൂക്കൊ. 3:1-18)**

മശിഹ വരുന്നതിനു മുൻപ് അവന്നു വഴി ഒരുക്കുവാൻ ഒരാൾ വരുമെന്നു പ്രവാചകന്മാർ മുന്നറിയിച്ചിരുന്നു (യെശയ്യാവ് 40:3–5; മലാഖി 3:1; 4:5, 6). മുന്നോടിയായി വരുന്നത്, തന്റെ മകനായ, യോഹന്നാൻ ആയിരിക്കുമെന്ന്, പുരോഹിതനായിരുന്ന, സെഖര്യാവ് പറഞ്ഞിരുന്നു

(ലൂക്കൊസ് 1:17).

ഒരു റോഡ് പണിക്കാരന്റെ ജോലിയുമായി യോഹന്നാൻ ചെയ്യുവാനിരിക്കുന്ന പ്രവൃത്തിയെ യെശയ്യാവു താരതമ്യപ്പെടുത്തിയിരുന്നു:

> കർത്താവിന്റെ വഴി ഒരുക്കുവിൻ,
> അവന്റെ പാത നിരപ്പാക്കുവിൻ.
> എല്ലാ താഴ്വരയും നിറന്നുവരും,
> എല്ലാ മലയും കുന്നും താഴും;
> വളഞ്ഞതു ചൊവ്വായും,
> ദുർഘടമായത് നിരന്ന വഴിയായും തീരും
> (ലൂക്കൊസ് 3:4, 5; നോക്കുക യെശയ്യാവ് 40:3, 4).

അക്കാലത്ത്, പരുപരുത്ത പ്രതലങ്ങളിലൂടെ ഒരു രാജാവ് യാത്ര ചെയ്യുമ്പോൾ, പലപ്പോഴും വഴി സുഗമമാക്കുവാൻ, അവനു മുൻപായി ഒരു കൂട്ടം ആളുകൾ പോയി റോഡു പണിയും. ആ സങ്കല്പമാണ് പ്രവാചകൻ ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. തീർച്ചയായും, യോഹന്നാന്റെ പ്രവൃത്തിയുടെ കാര്യത്തിൽ, നികത്തേണ്ടിയിരുന്നത് ഭൂമിയിലുള്ള കുഴികൾ ആയിരുന്നില്ല, എന്നാൽ അജ്ഞതയുടെ ഇടുക്കമായിരുന്നു. പാറകൾ ഉള്ള കുന്നുകൾ ആയിരുന്നില്ല നിരത്തേണ്ടിയിരുന്നത്, എന്നാൽ അഹങ്കാരത്തിന്റെ പർവ്വതങ്ങളായിരുന്നു. സത്യം പഠിപ്പിക്കുന്നതിലൂടെ മശിഹയെ കുറിച്ചുള്ള വക്രതയുള്ള ആശയങ്ങൾ നിരപ്പാക്കേണ്ടിയിരുന്നു.

മൊത്തത്തിൽ, മശിഹയെ കുറിച്ചും അവന്റെ പ്രവൃത്തികളെ കുറിച്ചും യെഹൂദ ജനത്തിന് ഒരു തെറ്റിദ്ധാരണയുണ്ടായിരുന്നു. തങ്ങളുടെ ശത്രുക്കളെ ഇല്ലായ്മ ചെയ്ത് അവരുടെ ദേശത്തെ കഴിഞ്ഞ കാല മഹത്വത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്ന ഒരു ഭൗമിക രാജാവിനെ ആയിരുന്നു അവർ പ്രതീക്ഷിച്ചത്. മശിഹയുടെ രാജ്യം *ആത്മീയ* ആവശ്യങ്ങൾ ഉള്ള *ആത്മീയ* വാഴ്ചയുള്ള രാജ്യം ആയിരിക്കുമെന്ന ആശയം അവരെ അറിയിപ്പിക്കേണ്ട വെല്ലുവിളി യോഹന്നാനുണ്ടായിരുന്നു.

**യോഹന്നാന്റെ പ്രസംഗം**[2]

നാം അവസാനം യോഹന്നാനെ കണ്ടപ്പോൾ, അവൻ "മരുഭൂമി യിൽ ആയിരുന്നു'' (ലൂക്കൊസ് 1:80)[3]. ആ തരിശ് സ്ഥലത്ത്, അവൻ കഠിനജീവിതമായിരുന്നു നയിച്ചിരുന്നത്. അവൻ ധരിച്ചിരുന്നത് പരുപരുത്ത വസ്ത്രമായിരുന്നു (മത്തായി 3:4; 2 രാജാക്കന്മാർ 1:8 നോക്കുക); അവന്റെ ആഹാരം വെട്ടുകിളിയും കാട്ടുതേനുമായിരുന്നു (മത്തായി 3:4).

ഒടുവിൽ, "ദൈവത്തിന്റെ അരുളപ്പാട് അവനുണ്ടായി" (ലൂക്കൊസ് 3:2) – അവന് പ്രസംഗമാരംഭിക്കുവാൻ അടയാളം ലഭിച്ചു. അവന്റെ പ്രസംഗത്തിന്റെ ഉത്ഘാടന തീയതി ഉറപ്പിക്കുവാൻ അഞ്ച് രാഷ്ട്രീയ നേതാക്കന്മാരെയും[4] രണ്ടു മതപരമായ അദ്ധ്യക്ഷന്മാരെയും[5] ഉപയോഗിച്ചുകൊണ്ട് ലൂക്കൊസ് യോഹന്നാന്റെ ശുശ്രൂഷയുടെ പ്രാധാന്യം എടുത്തുകാണിക്കുന്നു (ലൂക്കൊസ് 3:1, 3).

യോഹന്നാന്റെ പ്രസംഗത്തിലെ മുഖ്യവാക്ക് ''മാനസാന്തരപ്പെടുക'' എന്നായിരുന്നു (മത്തായി 3:2). "മാനസാന്തരപ്പെടുക" എന്ന വാക്കിന്റെ

അർത്ഥം ''ജീവിതമാറ്റം ഉണ്ടാക്കുന്ന, ഒരു മനസുമാറ്റം എന്നാണ്.'' മാനസാന്തരപ്പെടുവാൻ മനസ്സുവെക്കാത്തവർക്ക് ദൈവകോപം നേരിടേണ്ടിവരും (മത്തായി 3:7, 10; ലൂക്കൊസ് 3:9). ചില ബന്ധത്തിൽ കൂടെ വന്നവർക്കുള്ളതായിരുന്നില്ല രാജ്യം, എന്നാൽ ചില ധാർമ്മിക സ്വഭാവ മുള്ളവർക്കുള്ളതായിരുന്നു (മത്തായി 3:8, 9; ലൂക്കൊസ് 3:8).

മാറ്റത്തിന്റെ ആവശ്യത്തെ സംബന്ധിച്ച്, യോഹന്നാൻ പൊതുവായിട്ടല്ല പറയുന്നത്, എന്നാൽ പ്രത്യേകമായിട്ടാണ്. അവൻ ആളുകളോടു "മാനസാന്തരത്തിന്റെ ഫലം പുറപ്പെടുവിക്കുവിൻ" എന്നാണു പറഞ്ഞത് (മത്തായി 3:8; ലൂക്കൊസ് 3:8 നോക്കുക). അവൻ വ്യക്തമായ ഉദാഹ രണങ്ങൾ നൽകി. സ്വാർത്ഥതയുള്ളവരോടു പങ്കിടുവാനും (ലൂക്കൊസ് 3:11),[6] സാമൂഹ്യപ്രവർത്തകർ സത്യസന്ധരാകുവാനും (ലൂക്കൊസ് 3:13), അധി കാരമുള്ളവരോടു തങ്ങളുടെ അധികാരം ദുർവിനിയോഗം ചെയ്യരുതെന്നും അവൻ പറഞ്ഞു (ലൂക്കൊസ് 3:14). അവൻ എല്ലാവരോടും തങ്ങളുടെ പാപങ്ങൾ ഏറ്റു പറയുവാൻ ആവശ്യപ്പെട്ടു (മർക്കൊസ് 1:5). അതിനു തയ്യാറാകാത്തവരെ അവൻ "സർപ്പ സന്തതികളെ" എന്നു വിളിച്ചു (മത്തായി 3:7). ആ പദപ്രയോ ഗത്തെ ഇന്ന് ചിലർ പറയുന്നത് "വിശ്വസിക്കാൻ പറ്റാത്ത വ്യക്തികൾ"[7] എന്നാണ്.

അവന്റെ അസാമാന്യ ധൈര്യത്തിനുപുറമെ – അല്ലെങ്കിൽ ഒരു പക്ഷെ അതു നിമിത്തം – അവൻ നല്ലൊരു വിഭാഗം ആളുകളെ ആകർ ഷിച്ചു. "അവന്റെ അടുക്കൽ യെഹൂദ്യദേശം ഒക്കെയും, യെരുശലേമ്യർ[8] എല്ലാവരും വന്നു; പാപങ്ങളെ[9] ഏറ്റു പറഞ്ഞു, യോർദ്ദാൻ നദിയിൽ അവനാൽ സ്നാനം കഴിഞ്ഞു" (മർക്കൊസ് 1:5).

**യോഹന്നാന്റെ പരിശീലനം**

യോഹന്നാന്റെ ശുശ്രൂഷയിലെ അഭിവാജ്യഘടകമായിരുന്നു സ്നാനം. ചിലർ യോഹന്നാന്റെ സ്നാനത്തിന് യെഹൂദന്മാരുടെ കഴുകൽ ചടങ്ങുമായി കീഴ്വഴക്കം ഉള്ളതായി കാണുവാൻ ശ്രമിക്കു ന്നുണ്ട്, പക്ഷെ യോഹന്നാന്റെ സ്നാനം പ്രത്യേകതയുള്ളതായി രുന്നു.[10] യോഹന്നാൻ അറിയപ്പെട്ടത് "സ്നാപകൻ" എന്നാണ് (മത്തായി 3:1), കാരണം അതായിരുന്നു അവന്റെ പ്രത്യേകമായ ജോലി.[11]

"സ്നാപകൻ" എന്നത് ഗ്രീക്ക് വാക്ക് പദം മാറ്റിയതാണ്. ഒരു പ്രത്യേക സ്വഭാവത്തെ സൂചിപ്പിക്കുന്ന (*-ടെസ്*) എന്ന അവസാന വാക്കിനെ "സ്നാനപ്പെടുത്തുക" എന്നതിനുള്ള ഗ്രീക്ക് വാക്കിനോട് ചേർത്തിരിക്കുന്നു. ആ അവസാന വാക്ക് ഏതാണ്ട് "ഡോക്ടർ" എന്നതിലും "ആക്ടർ" എന്നതിലുമുള്ള "ടർ" എന്നതുമായി താരതമ്യപ്പെടുത്താം. "സ്നാപകൻ" എന്നതിന്റെ അക്ഷരീക അർത്ഥം "സ്നാനപ്പെടുത്തുന്നയാൾ" എന്നാണ്. ആ ആശയത്തെ പ്രകടിപ്പിക്കുന്ന ഒരു വാക്കാണ് ''സ്നാപകൻ.'' യോഹന്നാനെ സൂചിപ്പിക്കുവാൻ ഈ പഠനപരമ്പരയിൽ ഞാൻ ഉപയോഗിക്കുന്ന പദം അതാണ്.

യോഹന്നാൻ ആളുകളെ സ്നാനം കഴിപ്പിച്ചത് യോർദ്ദാൻ നദിയി ലായിരുന്നു. അവൻ തന്റെ സന്ദേശം എല്ലാവർക്കും ലഭ്യമാകുന്നതിന് നദിയിൽ നിന്ന് താഴേക്കും മുകളിലേക്കും പോയതായി കാണാം. ലൂക്കൊസ് 3:3 പറയുന്നു, "അവൻ യോർദ്ദാനരികെയുള്ള നാട്ടിൽ ഒക്കെയും വന്നു."

ലിവിങ് ബൈബിളിന്റെ വിശദീകരണത്തിൽ "യോഹ ന്നാൻ യോർദ്ദാന്റെ ഇരുകരയിലും ചെന്ന് ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് പോയിരുന്നു" എന്നാണ്. അവൻ സ്നാനപ്പെടുത്തിയ പല സ്ഥലങ്ങളെ കുറിച്ചും നമ്മളോടു പറയുന്നു (യോഹന്നാൻ 1:28; 3:23).

യോഹന്നാന്റെ സ്നാനം മുങ്ങൽ സ്നാനമായിരുന്നു. "സ്നാനം കഴിപ്പിക്കുക" എന്നത് ഗ്രീക്ക് വാക്ക് പദം മാറ്റിയതാണ് അർത്ഥം "മുക്കുക, നിമഞ്ജനം ചെയ്യിക്കുക."[12] ഗ്രീക്ക് വാക്കിന്റെ അർത്ഥം നമുക്കറിയില്ലെങ്കിൽ പോലും യോഹന്നാന്റേത് മുങ്ങൽ സ്നാനം ആയിരുന്നുവെന്ന് നമുക്കറിയാം. യോഹന്നാൻ 3:23 ഉറപ്പിച്ചു പറയുന്നത് "യോഹന്നാനും ... ഐനോനിൽ സ്നാനം കഴിപ്പിച്ചു കൊണ്ടിരുന്നു, കാരണം അവിടെ വളരെ വെള്ളമുണ്ടായിരുന്നു." തളിക്കലിനു "വളരെ വെള്ളം" ആവശ്യമില്ല, എന്നാൽ മുങ്ങലിനു ആവശ്യമാണ്. യോഹന്നാൻ യേശുവിനെ സ്നാനം കഴിപ്പിച്ചശേഷം, ക്രിസ്തു "വെള്ള ത്തിൽ നിന്ന് കയറി" (മർക്കൊസ് 1:10; മത്തായി 3:16 നോക്കുക). ഇന്ന് വെള്ളം തളിച്ച് സ്നാനം പരിശീലിക്കുന്നവർ യോഹന്നാൻ യോർദ്ദാൻ നദിയുടെ പുറത്തുനിന്നും വെള്ളം തളിച്ചിരുന്നു എന്ന് വരുത്തിതീർക്കുകയാണ്.

യോഹന്നാന്റെ സ്നാനം "പാപമോചനത്തിനായുള്ള മാനസാന്തര സ്നാനം" ആയിരുന്നു (മർക്കൊസ് 1:4; ലൂക്കൊസ് 3:3). അതിനെ "മാന സാന്തര സ്നാനം" എന്നും വിളിച്ചിട്ടുണ്ട് കാരണം അത് മാനസാന്തരത്തെ[13] പ്രകടിപ്പിക്കുന്ന ഒന്നായിരുന്നു. അത് "പാപമോചനത്തിനുള്ളതും" ആയിരുന്നു: യോഹന്നാൻ പാപത്തെ കുറിച്ചു മാത്രമല്ല ആളുകളെ ബോധ്യമാക്കിയത്, എന്നാൽ ആ പാപങ്ങൾക്കുള്ള മോചനത്തെ കുറിച്ചും അവർക്കു പ്രത്യാശ നൽകി. മനുഷ്യ വർഗ്ഗത്തിന്റെ പാപങ്ങൾക്കു വേണ്ടിയുള്ള ക്രിസ്തുവിന്റെ മരണത്തെ കാത്തിരുന്നതായിരുന്നു അവന്റെ സ്നാനം.

**യോഹന്നാന്റെ ഉദ്ദേശം**

ആളുകളുടെ ഹൃദയത്തെയും അവരുടെ ജീവിതത്തെയും മശിഹ ക്കുവേണ്ടി ഒരുക്കുക എന്നതായിരുന്നു യോഹന്നാന്റെ അടിസ്ഥാന ഉദ്ദേശം (യോഹന്നാൻ 3:28 നോക്കുക). പുരുഷാരത്തോട് അവൻ പറഞ്ഞു, "എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാൾ വലിയവൻ, അവന്റെ ചെരിപ്പിന്റെ വാർ അഴിപ്പാൻ ഞാൻ യോഗ്യനല്ല" (മത്തായി 3:11; യോഹന്നാൻ 1:27, 30 നോക്കുക). ചെരിപ്പിന്റെ വാർ അഴിക്കുന്നത് ഒരു ദാസന്റെ ജോലി ആയിരുന്നു. അടിസ്ഥാനപരമായി, യോഹന്നാൻ പറഞ്ഞത്, "എനിക്ക് അവന്റെ ദാസൻ ആയിരിപ്പാനുള്ള യോഗ്യതയില്ല."

അവൻ തന്റെയും ക്രിസ്തുവിന്റെയും പ്രവൃത്തികൾ തമ്മിലുള്ള അന്തരം വ്യക്തമാക്കി: "ഞാൻ നിങ്ങളെ, മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം ഏൽപ്പിക്കുന്നതേയുള്ളൂ ... ; അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏൽപ്പിക്കുന്നു" (മത്തായി 3:11). ആ സന്ദർഭം വ്യക്തമാക്കുന്നത് പരിശുദ്ധാത്മാവിലും തീയിലുമുള്ള സ്നാനം ഒന്നുതന്നെ അല്ല എന്നാണ്. സ്വീകരിക്കുന്നവരും സ്വീകരിക്കാത്തവരുമുള്ള – ഒരു സമ്മിശ്ര കൂട്ടത്തോടായിരുന്നു യോഹന്നാൻ സംസാരിച്ചത് (മത്തായി 3:5–7).[14] ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവക്കുശേഷമുള്ള ആദ്യത്തെ

പെന്തെക്കൊസ്തു നാളിൽ അപ്പൊസ്തലന്മാരിൽ നടന്നതായിരുന്നു പരിശുദ്ധാത്മ സ്നാനം (പ്രവൃത്തികൾ 1:5, 8; 2:1–4). അവർ പരിശുദ്ധാത്മ ശക്തിയാൽ സ്നാനമേറ്റു. നേരെ മറിച്ച്, ന്യായവിധിനാളിൽ തീയിൽ അഭക്തരെ സ്നാനം കഴിപ്പിക്കുന്നതിനെയാണ് തീയിലുള്ള സ്നാനം സൂചിപ്പിക്കുന്നത് (മത്തായി 3:12).

### മശിഹ സ്നാനമേറ്റു

**(മത്താ. 3:13-17; മർക്കൊ. 1:9-11; ലൂക്കൊ. 3:21, 22; യോഹ. 1:31-34)**

യോഹന്നാന്റെ പ്രസിദ്ധിയുടെ ഉന്നതിയിൽവെച്ചു – മശിഹയെ സംബന്ധിച്ചുള്ള കാത്തിരിപ്പ് അതിന്റെ ഉച്ചസ്ഥായിയിൽ എത്തിയപ്പോൾ – യേശു സ്നാനമേൽക്കുവാൻ അവന്റെ അടുക്കൽ വന്നു. ആ സമയത്ത്, ക്രിസ്തുവിന് "ഏതാണ്ട് മുപ്പതുവയസ് പ്രായമുണ്ടായിരുന്നു" (ലൂക്കൊസ് 3:23).

യോഹന്നാൻ അതിനുമുൻപ് യേശുവിനെ കണ്ടിരുന്നോ എന്നു നമുക്കറിയില്ല. മുൻപ് സൂചിപ്പിച്ചതുപോലെ, അവരുടെ അമ്മമാർ ബന്ധുക്കളും കൂട്ടുകാരുമായിരുന്നു.[15] ഒരുപക്ഷെ, യോഹന്നാനും യേശുവും, തമ്മിൽ കണ്ടിരിക്കുവാനുമുള്ള സാധ്യത – ചിലപ്പോൾ യെരുശലേമിലെ പെരുന്നാളുകളിൽ ആയിരിക്കാം. അവർ തമ്മിൽ കണ്ടാലും ഇല്ലെങ്കിലും, സ്നാനപ്പെടുവാൻ കാത്തുനിൽക്കുന്ന മറ്റുള്ളവരിൽ നിന്നും യേശു തികച്ചും വ്യത്യസ്തൻ ആണെന്ന് എങ്ങനെയോ യോഹന്നാൻ അറിഞ്ഞിരുന്നു. യോഹന്നാന്റെ സ്നാനം മാനസാന്തര സ്നാനമായിരുന്നു, യേശുവിൽ മാനസാന്തരപ്പെടേണ്ട പാപങ്ങൾ ഒന്നുമില്ലായിരുന്നു. അവന്റെ സ്നാനം പാപമോചനത്തിനുള്ള സ്നാനമായിരുന്നു, എന്നാൽ യേശുവിൽ മോചിക്കപ്പെടേണ്ട പാപവും ഒന്നുമില്ലായിരുന്നു. ആദ്യം ക്രിസ്തുവിനെ സ്നാനപ്പെടുത്തുവാൻ യോഹ ന്നാൻ വിസമ്മതിച്ചു: "എനിക്കു നിന്നാൽ സ്നാനമേൽക്കേണ്ടത് ആവശ്യം, പിന്നെ നീ എന്റെ അടുക്കൽ വന്നിരിക്കുന്നുവോ?" (മത്തായി 3:14).

നമ്മിൽ നിന്നു വ്യത്യസ്തനായി, യേശുവിൽ പാപം ഇല്ലാതിരുന്നു, എന്നതുകൊണ്ട്, അവൻ പിന്നെ സ്നാനമേറ്റത് എന്തിനാ*യിരുന്നു?* ക്രിസ്തു തന്നെ അതിനു മറുപടി പറഞ്ഞു. ''ഇപ്പോൾ സമ്മതിക്ക,'' അവൻ യോഹന്നാനോടു പറഞ്ഞു, "ഇങ്ങനെ സകല നീതിയും നിറവേറപ്പെടേണ്ടതാകുന്നു"[16] (മത്തായി 3:15). യോഹന്നാന്റെ സ്നാനം "സ്വർഗ്ഗത്തിൽ നിന്നായിരുന്നു" (മത്തായി 21:25 നോക്കുക), യോഹന്നാന്റെ സ്നാനം നിരാകരിച്ചവർ ''ദൈവത്തിന്റെ ആലോചന വൃഥാ വാക്കിക്കളഞ്ഞു'' (ലൂക്കൊസ് 7:30). യേശു ദൈവേഷ്ടത്തിൽ[17] തന്നെ നിന്നുകൊണ്ട് സമർപ്പിക്കപ്പെടുകയായിരുന്നു – യോഹന്നാന്റെ സ്നാനം ദൈവേഷ്ടത്തിന്റെ ഭാഗമാണെന്ന് അവൻ മനസ്സിലാക്കി. അതുകൊണ്ട്, താൻ ചെയ്യേണ്ടതിനെ സംബന്ധിച്ച് അവനു യാതൊരു സംശയവും ഉണ്ടായിരുന്നില്ല: അവൻ സ്നാനമേൽക്കണം – അങ്ങനെ അവൻ സ്നാനമേറ്റു. ഇന്ന് സ്നാനത്തെ സംബന്ധിച്ച് അത്തരം ഒരു നല്ല മനോഭാവം എല്ലാവർക്കും ഉണ്ടെങ്കിൽ അത് അത്ഭുതകരമായിരി ക്കുകയില്ലേ?

യോഹന്നാൻ അവസാനം യേശുവിനെ സ്നാനം ഏൽപ്പിക്കുവാൻ സമ്മതിച്ചു. അവൻ സ്നാനമേറ്റപ്പോൾ, ക്രിസ്തു പ്രാർത്ഥിക്കുകയായിരുന്നു

(ലൂക്കൊസ് 3:21).[18] പിന്നെ യോഹന്നാൻ മനോഹരമായ ചിലത് കാണുകയും കേൾക്കുകയും ചെയ്തു:

> യേശു സ്നാനമേറ്റയുടനെ, വെള്ളത്തിൽനിന്ന് കയറി; അപ്പോൾ, സ്വർഗ്ഗം തുറന്നു, ദൈവാത്മാവ് പ്രാവെന്നപോലെ[19] ഇറങ്ങി, തന്റെ മേൽ വരുന്നത് അവൻ കണ്ടു, ''ഇവനെന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്നു, സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി (മത്തായി 3:16, 17).[20]

അങ്ങനെ ദൈവം യേശുവിന്റെ ജീവിതത്തിലെ മുപ്പതു വർഷത്തെ തയ്യാറെടുപ്പിനെ അംഗീകരിക്കയും, അവനെ തന്റെ പരസ്യ ശുശ്രൂഷക്ക് പ്രാപ്തനാക്കുകയും ചെയ്തു (ലൂക്കൊസ് 4:18; പ്രവൃത്തികൾ 10:38 നോക്കുക).

ഈ സംഭവത്തിനു മുൻപുതന്നെ, യേശു മശിഹയായിരിക്കാമെന്നു യോഹന്നാൻ ഊഹിച്ചു കാണും, എന്നാൽ അതു അവന് *അറിയി*ല്ലായിരുന്നു. മശിഹയെ എങ്ങനെ തിരിച്ചറിയാമെന്നു കർത്താവു പറഞ്ഞിട്ടുണ്ട്: "ആരുടെമേൽ ആത്മാവു ഇറങ്ങുന്നതും വസിക്കുന്നതും നീ കാണുന്നുവോ, അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ ആകുന്നു'' (യോഹന്നാൻ 1:33). സ്വർഗത്തിൽനിന്നു ആത്മാവു ഇറങ്ങി വന്നതു കണ്ടപ്പോൾ യോഹന്നാന്റെ സന്തോഷം അതിരറ്റതായി കാണും. ദൈവം തന്റെ വാക്കു പാലിച്ചു! ക്രിസ്തു വന്നു!

## മശിഹ പരിശോധിക്കപ്പെട്ടു
## (മത്താ. 4:1-11; മർക്കൊ. 1:12, 13; ലൂക്കൊ. 4:1-13)

യേശുവിന്റെ സ്നാനത്തെ കുറിച്ചുള്ള വിവരണത്തിനു തൊട്ടു പുറകെ, അവന്റെ പരീക്ഷണത്തെ കുറിച്ചുള്ള വിവരണമാണ് നമുക്കുള്ളത്. പരീക്ഷണം ഇല്ലാതാകുന്നു എന്ന അർത്ഥമല്ല സ്നാനം നല്കുന്നത്. നാം സ്നാനം ഏല്ക്കുമ്പോൾ, സാത്താൻ തന്റെ പരീക്ഷണങ്ങൾ കുറയ്ക്കുകയല്ല, പിന്നെയോ, കൂട്ടുകയാണ് ചെയ്യുന്നത്. നാം സ്നാനം ഏറ്റു എന്ന വസ്തുത ആ പരീക്ഷണങ്ങളെ അതിജീവിക്കുവാൻ നമുക്ക് ഇപ്പോൾ ദൈവത്തിന്റെ സഹായം ഉണ്ടെന്നാണ് അർത്ഥ മാ*ക്കുന്നത്* (1 കൊരിന്ത്യർ 10:13; എബ്രായർ 13:5).

''അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ *ആത്മാവു* മരുഭൂമിയിലേക്ക് നടത്തി" എന്ന വാക്കുകളിൽ (മത്തായി 4:1; നോക്കുക ലൂക്കൊസ് 4:1 ; എംഫസിസ് മൈൻ) പരീക്ഷണത്തിന്റെ ഏറ്റവും ശ്രദ്ധിക്കപ്പെടുന്ന ഒരു സവിശേഷതയുള്ളതായി കാണാം. ദൈവത്തിന്റെ ഉദ്ദേശം നിവർത്തിയാകുവാൻ, യേശു പരീക്ഷിക്കപ്പെടേണ്ടതു ആവശ്യമായിരുന്നു.

ദൈവത്തിന്റെ ഉദ്ദേശങ്ങൾ പൂർണ്ണമായി മനസിലാക്കുവാൻ നമുക്ക് സാധ്യമല്ല, എന്നാൽ "പരീക്ഷണം" എന്ന വാക്ക് നമുക്ക് ഒരു സൂചന നല്കിയേക്കാം. "പരീക്ഷിക്കുക" എന്നു തർജ്ജിമ ചെയ്ത ഗ്രീക്ക് വാക്കിനെ "പരിശോധിക്കുക" എന്നും തർജിമ ചെയ്തിരിക്കാം. സാത്താന്റെ കാഴ്ച്ചപ്പാടിൽ, യേശുവിന്റെ മരുഭൂയാത്ര *പരീക്ഷണത്തി*നുള്ള സമയമായിരുന്നു

– അപ്പോൾ യേശുവിനെ പാപത്തിനു സാത്താൻ പ്രേരിപ്പിക്കയായിരുന്നു. (സാത്താന് അവന്റെ ദൗത്യത്തെ നശിപ്പിക്കുവാൻ ഒരിക്കൽ മാത്രം അവനെ കൊണ്ടു പാപം ചെയ്യിക്കണമായിരുന്നു.) എന്നാൽ ദൈവത്തിന്റെ കാഴ്ച്ചപ്പാടിൽ, എങ്ങനെയാ യാലും, ആ നാല്പതു ദിവസങ്ങൾ *പരിശോധനാ* കാലമായിരുന്നു – അതു യേശുവിന്റെ സ്വഭാവത്തെയും[21] വാസ്തവ ത്തിലുള്ള വിലയെയും തെളിയിക്കുന്ന സമയമായിരുന്നു.

മൂന്നു പരീക്ഷണങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്.[22] 1 യോഹന്നാൻ 2:16–ൽ കൊടുത്തിരിക്കുന്ന പരീക്ഷണങ്ങളുടെ മൂന്നു രീതികളുമായി അത് അടിസ്ഥാനപരമായി യോജിക്കുന്നു: "ജഡമോഹം [കല്ല് അപ്പമാക്കി ഭക്ഷിക്കുക എന്നത്] കൺമോഹം [ലോകരാജ്യങ്ങളുടെ മഹത്വം കാണുന്നത്] ജീവനത്തിന്റെ പ്രതാപം [ദൈവാലയത്തിന്റെ അഗ്രത്തിൽ നിന്നു ചാടി ആൾ കൂട്ടത്തെ അത്ഭുതപ്പെടുത്തുന്നത്]."

യേശു "നമ്മെ പോലെ സകലത്തിലും പരീക്ഷിക്കപ്പെട്ടു" എന്നാണ് എബ്രായ ലേഖകൻ പറഞ്ഞിരിക്കുന്നത് (എബ്രായർ 4:15). നമ്മെ പോലെ ആയിരക്കണക്കിനു പ്രത്യേകമായ പരീക്ഷണങ്ങളായിരുന്നില്ല യേശു അഭിമുഖീകരിച്ചത്, എന്നാൽ അവൻ നാം അഭിമുഖീകരിക്കുന്ന എല്ലാ *തരം* പരീക്ഷണങ്ങളും നേരിട്ടു. നാം നേരിടേണ്ട എല്ലാവിധ പരീക്ഷണങ്ങളെയും *പ്രതിനിധീകരിക്കുന്ന*വയായിരുന്നു മത്തായി 4–ലേയും ലൂക്കൊസ് 4–ലേയും പരീക്ഷണങ്ങൾ.

യേശു പരീക്ഷിക്കപ്പെടാം എന്ന ആശയത്തിൽ വിചാരപ്പെടുന്നവരുണ്ട്. അതു ചിലരെ വിഷമിപ്പിക്കുന്നതിന്റെ കാരണം, അവരെ സംബന്ധിച്ച്, പരീക്ഷണം സ്വാഭാവികമായി പാപത്തെ സൂചിപ്പിക്കുന്നു. "പരീക്ഷണം വാസ്തവത്തിലുണ്ടാകുന്നില്ല," അവർ കാരണമായി പറയുന്നത്, "ഒരാൾ തെറ്റു ചെയ്യുവാൻ *ആഗ്രഹിക്കുന്ന*തു വരെ. തെറ്റു ചെയ്യുവാനുള്ള *ആഗ്രഹ*വും പാപമാണ്." അതു മറ്റുള്ളവരെ വിഷമിപ്പിക്കുവാൻ കാരണം, അവർക്ക്, യേശുവിനു പാപം ചെയ്യാൻ കഴിയും എന്ന സാധ്യത പോലും ഭയപ്പെടുത്തുന്നതാണ്.

പരീക്ഷണത്തെ സംബന്ധിച്ച് നിങ്ങൾക്കും എനിക്കും മനസ്സിലാക്കാൻ സാധ്യമല്ലാത്ത ധാരാളം കാര്യങ്ങളുണ്ട്; യേശുവിനു എങ്ങനെ പൂർണ്ണ മനുഷ്യനും അതേസമയം പൂർണ്ണ ദൈവവുമായിരിപ്പാൻ[23] കഴിഞ്ഞു എന്ന വിഷയത്തിൽ അതു ഉൾപ്പെടുന്നു. എന്നിരുന്നാലും, ഈ മൂന്നു തീർപ്പുകളും നമുക്ക് വിശ്വസിക്കാവുന്നതാണ്: (1) യേശുവിനെ പരീക്ഷിക്കപ്പെടാം. അങ്ങനെയല്ലെങ്കിൽ, പരീക്ഷണത്തെ കുറിച്ചുള്ള സംഭവത്തിൽ യാതൊരു ഉദ്ദേശവുമുണ്ടാകുമായിരുന്നില്ല. അതെങ്ങനെ സാധിക്കുമെന്നു എനിക്കു മനസ്സിലായാലും ഇല്ലെങ്കിലും, യേശു പരീക്ഷിക്കപ്പെട്ടു എന്നു വേദഭാഗം *പറയുന്നു.* (2) പരീക്ഷി ക്കപ്പെടുക, എന്നതു തന്നെ, പാപം അല്ല. ആ സത്യം വിവരണത്തിൽ അന്തർലീനമാണ്. പാപം ഉള്ളത് പരീക്ഷണത്തിലല്ല, മറിച്ച് പരീക്ഷ ണത്തിന് നാം നമ്മെ *വിട്ടുകൊടുക്കുന്നതിലാണ്*. (3) യേശു പരീക്ഷണ ത്തിനു തന്നെ വിട്ടുകൊടു*ത്തില്ല.* അവൻ "നമ്മെ പോലെ സകല ത്തിലും പരീക്ഷിക്കപ്പെട്ടു, *എന്നാൽ പാപം കൂടാതെയത്രെ*" (എബ്രാ യർ 4:15; എംഫസിസ് മൈൻ).[24] അതിനായി ദൈവത്തിനു സ്തോത്രം! ക്രിസ്തു പാപം ചെയ്തിരുന്നുവെങ്കിൽ, ക്രൂശിൽ വെച്ചു "നാം അവനിൽ ദൈവ

ത്തിന്റെ നീതി ആകേണ്ടതിന്നു, അവൻ നമുക്കു വേണ്ടി പാപം ആക്കി" (2 കൊരിന്ത്യർ 5:21)!

ക്രിസ്തുവിന്റെ പരീക്ഷണത്തെ തുടർന്ന്, "ദൂതന്മാർ വന്നു അവനെ ശുശ്രൂഷിക്കുവാൻ തുടങ്ങി'' (മത്തായി 4:11). നമ്മുടെ ജീവിത ത്തിൽ പരീക്ഷണം വന്നു എന്നതുകൊണ്ടു മാത്രം ദൈവം നമ്മെ ഉപേക്ഷി ക്കുകയില്ല.

### മശിഹയെ പ്രഖ്യാപിച്ചു (യോഹ. 1:19-34)

പരീക്ഷണത്തിനുശേഷം, യോഹന്നാൻ പ്രസംഗിക്കുകയായിരുന്ന സ്ഥലത്തേക്കു യേശു മടങ്ങി വന്നു (വാ. 26, 29).

**ത്യജിക്കൽ**

സ്പഷ്ടമായും, യോഹന്നാന്റെ പ്രചാരം യെരുശലേമിലെ മതാദ്ധ്യ ക്ഷന്മാർക്ക് അലോസരമുണ്ടാക്കി. അതുകൊണ്ടു പരീശന്മാർ (യോഹന്നാൻ 1:24) പ്രവാചകനെ ചോദ്യം ചെയ്യുന്നതിനു പുരോഹിതന്മാരെയും ലേവ്യരേയും അവന്റെ അടുക്കൽ അയച്ചു. അവൻ മശിഹയാണോ (ക്രിസ്തു),[25] ഏലിയാവാണോ, അതുമല്ലെങ്കിൽ "ആ പ്രവാചകൻ" ആണോ എന്നറിയുവാൻ അവർ ആഗ്രഹിച്ചു, "അല്ല," എന്നു യോഹന്നാൻ തറപ്പിച്ചു പറഞ്ഞു (യോഹന്നാൻ 1:19–21).

"ക്രിസ്തു" എന്ന പ്രയോഗത്തോടൊപ്പം, "ആ പ്രവാചകൻ'' എന്ന പദത്തിന്റെ ഉപയോഗം കാണിക്കുന്നതു, അന്നത്തെ യെഹൂദ മതാദ്ധ്യ ക്ഷന്മാരുടെ തെറ്റിദ്ധാരണയെയാണ്. ചില മശിഹാ പ്രവചനങ്ങൾ അവരുടെ മുൻവിധിയുമായി യോജിക്കുന്നതായിരുന്നില്ല, അതുകൊണ്ട് ആ വേദഭാഗം സൂചിപ്പിക്കുന്നത് മോശെ പറഞ്ഞതായ തന്നെ പോലെയുള്ള പ്രവാചകനെ യാണെന്ന് അവർ ഉറപ്പിച്ചു (ആവർത്തനപുസ്തകം 18:15). വരുവാനുള്ള മശിഹയെ[26] കുറിച്ചായിരുന്നു മോശെ പറഞ്ഞത്, എന്നാൽ യെഹൂദ പ്രമാണിമാർ "ആ പ്രവാചകൻ" എന്ന ഒരു പ്രത്യേക വ്യക്തിത്വം അതിൽ രൂപപ്പെടുത്തി.

അവൻ ഏലിയാവല്ല എന്ന് യോഹന്നാൻ തറപ്പിച്ചു പറഞ്ഞതിൽ ഒരുപക്ഷെ നിങ്ങൾക്കു അതിശയമുണ്ടായേക്കാം (യോഹന്നാൻ 1:21). ഒടുവിൽ, അന്വേഷണക്കാരോടു താൻ മശിഹയുടെ മുന്നോടിയായി വന്നവനാണെന്ന് യെശയ്യാവ് 40:3 ഉദ്ധരിച്ചു അവൻ പറഞ്ഞു. യെശയ്യാവ് 40:3–ലെ പ്രവചനം മലാഖി 3:1–മായി ബന്ധപ്പെട്ടിരിക്കുന്നു (മർക്കൊസ് 1:2, 3[27]), മശിഹക്കു മുൻപായി വരുന്നവനെ കുറിച്ചാണ് അതു പറയുന്നത്, മലാഖി അവനെ "ഏലിയാപ്രവാചകൻ'' എന്നാണ് പറഞ്ഞിരിക്കുന്നത് (മലാഖി 4:5). മലാഖി പ്രവചിച്ച "ഏലിയാവ്" *ആയിരുന്നു* യോഹന്നാൻ. അതാണ് വാസ്തവമെന്നു യേശു പിന്നീടു ഉറപ്പിക്കുകയുണ്ടായി. അവൻ പറഞ്ഞു, "വരുവാനിരുന്ന ഏലിയാവ് യോഹന്നാൻ ആയിരുന്നു" (മത്തായി 11:14; നോക്കുക 17:10–13).

പിന്നെ, താൻ ഏലിയാവാണെന്ന കാര്യം, യോഹന്നാൻ നിഷേധിച്ചതു എന്തുകൊണ്ട്? *ശരിയായ* ഏലിയാവ് അങ്ങനെ തന്നെ തിരിച്ചു വരുമെ ന്നായിരുന്നു[28] യെഹൂദന്മാർ വിചാരിച്ചിരുന്നത്. താൻ ജഡത്തിൽ ഏലിയാവ് ആണെന്നതിനെ യോഹന്നാൻ നിഷേധിക്കുകയായിരുന്നു. അവൻ വന്നതു

“ഏലിയാവിന്റെ *ആത്മാവോടും ശക്തിയോടും കൂടെയാണ്*” (ലൂക്കൊസ് 1:17; എംഫസിസ് മൈൻ), എന്നാൽ അവൻ യഥാർത്ഥ ഏലിയാവ് ആയിരുന്നില്ല.

**പ്രഖ്യാപനം**

യെരുശലേം കമ്മിറ്റിയെ യോഹന്നാൻ അഭിമുഖീകരിച്ചതിന്റെ പിറ്റേന്നു, യേശു മശിഹയാണെന്നു പറഞ്ഞു പുരുഷാരത്തിന്റെ ശ്രദ്ധ ആകർഷിക്കുവാനുള്ള അവസരം അവനു ലഭിച്ചു. “... യേശു അവന്റെ അടുക്കലേക്കു വരുന്നതു കണ്ടിട്ട് പറഞ്ഞു, ‘ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്!’” (യോഹന്നാൻ 1:29).

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം “നമ്മുടെ ശത്രുക്കളെ കീഴ്പ്പെടുത്തുന്ന സൈന്യാധിപൻ” ആയിട്ടല്ല യോഹന്നാൻ യേശുവിനെ പരിചയപ്പെടുത്തുന്നത്, പിന്നെയോ “ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായിട്ടാണ്!” യേശു വന്നതു ആളുകളെ ശ്രേഷ്ഠമായ ഒരു വഴി പഠിപ്പിക്കുന്നതിനായിരുന്നു; നാം എങ്ങനെ ജീവിക്കണമെന്ന് ഒരു മാതൃക കാണിച്ചു തരേണ്ടതിനായിരുന്നു അവൻ വന്നത്; എന്നാൽ, ഏറ്റവും മുഖ്യമായി, നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിപ്പാനാണ് അവൻ വന്നത് (നോക്കുക ലൂക്കൊസ് 19:10). കുഞ്ഞാടുകൾ ഉപദേശിച്ചു കേട്ടുകേൾവിയില്ല. പാപവുമായി അവയ്ക്കുള്ള ബന്ധം അവയെ യാഗപീഠത്തിൽ അർപ്പിക്കുമെന്നതായിരുന്നു. യേശുവാണ് നമ്മുടെ പെസഹക്കുഞ്ഞാട് (1 കൊരിന്ത്യർ 5:7), അവൻ “നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടായിരുന്നു” (1 പത്രൊസ് 1:19).

പിന്നെ യേശു മശിഹയാണെന്നു താൻ എങ്ങനെ അറിഞ്ഞു എന്നു യോഹന്നാൻ വിശദമാക്കുന്നു (യോഹന്നാൻ 1:31–33). അവൻ ഉറപ്പിക്കുന്നു, “അങ്ങനെ ഞാൻ കാണുകയും, ഇവൻ ദൈവപുത്രൻ തന്നെ എന്നു സാക്ഷ്യം പറയുകയും ചെയ്തിരിക്കുന്നു” (യോഹന്നാൻ 1:34).

ഏതാനും മാസങ്ങൾ[29] കൂടെ അവൻ പഠിപ്പിക്കുന്നതും സ്നാനം കഴിപ്പിക്കുന്നതും തുടർന്നുവെങ്കിലും, പ്രായോഗികമായ എല്ലാ ഉദ്ദേശങ്ങൾക്കും വേണ്ടതെല്ലാം, യോഹന്നാൻ ചെയ്തുതീർത്തു. തന്നെ ക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശം അവൻ വിശ്വസ്തതയോടെ നിറവേറ്റി. ഒരു മനുഷ്യനും അതിൽ കൂടുതൽ ചെയ്യുവാൻ കഴിയുമായിരുന്നില്ല.

**ഉപസംഹാരം**

യേശുവിന്റെ പ്രവൃത്തികൾക്കുള്ള എല്ലാ തയ്യാറെടുപ്പും ഇപ്പോൾ പൂർത്തിയായി. “എല്ലാറ്റിനും ആദ്യമായി” എന്ന പാഠത്തിൽ, നാം യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ തുടക്കം കാണും.

യേശുവിന്റെ തയ്യാറെടുപ്പിൽ അത്യാവശ്യ ഘടകമായിരുന്നു അവന്റെ സ്നാനം. നിങ്ങൾ കർത്താവിനെ സേവിക്കുമെങ്കിൽ, ആദ്യം നിങ്ങൾ വിശ്വാസത്താലും അനുസരണത്താലും ദൈവമകനായി തീരണം (ഗലാത്യർ 3:26, 27). സ്നാനം ഏല്ക്കുവാൻ[30] യേശു എഴു പതോ എൺപതോ മൈൽ നടന്നു പോയി. എത്രയും വേഗം[31] – നിങ്ങൾ സ്നാനം ഏല്ക്കുന്നതിനു നടക്കാൻ, ഓടുവാൻ, അതുമല്ലെങ്കിൽ വണ്ടിയോടിച്ചു പോകുവാൻ തയ്യാറായേക്കും എന്നു ഞാൻ കരുതുന്നു!

കുറിപ്പുകൾ

[1]ഈ പദപ്രയോഗത്തിന്റെ അർത്ഥത്തെ കുറിച്ചുള്ള വിശദീകരണത്തിന്, ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "സ്വർഗരാജ്യം," നോക്കുക. [2]യോഹന്നാന്റെ പ്രവൃത്തികളുടെ പ്രാധാന്യത്തിന് കൂടുതൽ ഊന്നൽ നൽകുവാൻ സാധ്യമല്ല. മർക്കൊസ് അതിനെ "സുവിശേഷത്തിന്റെ ആരംഭം" എന്നാണ് വിളിച്ചത് (മർക്കൊസ് 1:1). പ്രവൃത്തികളുടെ പുസ്തകത്തിൽ, യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ തീയതി സാധാരണ യോഹന്നാന്റെ സ്നാനം മുതല്ക്കാണ് ആരംഭിക്കുന്നതായി കണക്കാക്കിയിരിക്കുന്നത് (പ്രവൃത്തികൾ 1:21, 22; നോക്കുക 10:37, 38). [3]ഈ പുസ്തകത്തിൽ ആദ്യം വരുന്ന "ക്രിസ്തു വരുന്നു," എന്ന പാഠത്തിലുള്ള യോഹന്നാൻ സ്നാപകനെ കുറിച്ചുള്ള വിശദീകരണം കാണുക. [4]അഞ്ചു രാഷ്ട്രീയ നേതാക്കന്മാരെ കുറിച്ചുള്ള പശ്ചാത്തല വിവരണത്തിന്, ഈ പുസ്തകത്തിൽ ആദ്യം വരുന്ന "ക്രിസ്തു വന്ന ലോകം," എന്ന പാഠം നോക്കുക. [5]രണ്ടു മതാദ്ധ്യക്ഷന്മാരെ കുറിച്ച് കുറിച്ചുള്ള പശ്ചാത്തല വിവരണത്തിന്, ഈ പുസ്തകത്തിൽ ആദ്യം വരുന്ന, "ക്രിസ്തു വന്ന ലോകം," എന്ന പാഠം നോക്കുക. [6]ഇതു പരിശീലനത്തിനുള്ള ഒരു വിഭാഗമാണ്. നിങ്ങൾക്ക് ഇവിടെ നിങ്ങളുടെ ചിന്ത വിപുലമാക്കാം. [7]ഇതു ഒരു അമേരിക്കൻ പ്രയോഗമാണ്. നിങ്ങളുടെ നാട്ടിൽ ഇതുപോലെയുള്ള പ്രയോഗമുണ്ടെങ്കിൽ, അതിവിടെ ഉപയോഗിക്കുക. [8]ഈ വാചകത്തിൽ രണ്ടു പ്രാവശ്യം ഉപയോഗിച്ച "എല്ലാം" എന്നതു അസംഖ്യം എന്നു സൂചിപ്പിക്കുന്ന ഭാഷാപ്രകടനമാണ്. [9]യോഹന്നാന്റെ സ്നാനവും മഹത്തായ ആജ്ഞയിലെ സ്നാനവും തമ്മിൽ വളരെ വ്യത്യാസമുള്ളതായി കാണാം (യേശു മഹത്തായ ആജ്ഞയിൽ [മത്തായി 28:18–20; മർക്കൊസ് 16:15, 16] കല്പിച്ചത്). അതിൽ യോഹന്നാന്റെ സ്നാനം സ്വീകരിക്കുന്നവർ പാപങ്ങളെ ഏറ്റു പറഞ്ഞുവെങ്കിൽ, മഹത്തായ ആജ്ഞയിലെ സ്നാനത്തിനു കീഴ്പ്പെടുന്നവർ യേശുവിലുള്ള വിശ്വാസത്തെ ഏറ്റു പറയുന്നു (പ്രവൃത്തികൾ 8:35–38; റോമർ 10:9, 10). [10]ഉദ്ദേശങ്ങളിലും നടത്തിപ്പിലുമുള്ള ഒരു വ്യത്യാസം ഉൾപ്പെടെ, യോഹന്നാന്റെ സ്നാനവും പഴയ നിയമ കഴുകലുകളും തമ്മിൽ പല വ്യത്യാസങ്ങളുണ്ടായിരുന്നു.

[11]ചിലപ്പോൾ അവകാശപ്പെടുന്നതുപോലെ, ഒരേ തരത്തിലുള്ള സ്നാനമാണ് മറ്റുപലരും നടത്തുന്നതെങ്കിൽ, യോഹന്നാൻ അത്തരം തിരിച്ചറിയുന്ന പേർ അതിനു നല്കുമായിരുന്നില്ല. [12]*ദ അനാലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൺ* (ലണ്ടൻ: സാമുവൽ ബാഗ്സ്റ്റർ & സൺസ് ലിമിറ്റഡ്., 1971), 65. [13]നമ്മുടെ വിശ്വാസത്തെ പ്രകടിപ്പിക്കുന്നതായതുകൊണ്ട് മഹത്തായ ആജ്ഞയിലെ സ്നാനത്തെ "വിശ്വാസ സ്നാനം" എന്നു വിളിക്കാം. [14]മർക്കൊസ്, പ്രതികരിക്കാത്തവരെ കുറിച്ചു സൂചിപ്പിക്കാതെ, പരിശുദ്ധാ ത്മാവു കൊണ്ടുള്ള സ്നാനത്തെ കുറിച്ചു മാത്രമാണ് പറഞ്ഞത് (മർക്കൊസ് 1:8). യോഹന്നാനും പരിശുദ്ധാത്മാവു കൊണ്ടുള്ള സ്നാനത്തെ കുറിച്ചു മാത്രമാണ് സംസാരിച്ചത് (യോഹന്നാൻ 1:33). നേരെ മറിച്ച്, ലൂക്കൊസ്, മത്തായിയെ പോലെ, ഒരു സമ്മിശ്ര സദസ്യരെ ചിത്രീകരിച്ചുകൊണ്ടു (ലൂക്കൊസ് 3:7) പരിശുദ്ധാത്മാവിലും തീയിലുമുള്ള രണ്ടു സ്നാനത്തെ കുറിച്ചും പറഞ്ഞു (ലൂക്കൊസ് 3:16). [15]മറിയയെ കുറിച്ചും എലീശബെത്തിനെ കുറിച്ചും ഈ പുസ്തകത്തിൽ ആദ്യം ചർച്ച ചെയ്തിരിക്കുന്നതു നോക്കുക. [16]ദൈവത്തിന്റെ കല്പനകളെല്ലാം നീതിയുള്ളതാണ് എന്നു സങ്കീർത്തന ക്കാരൻ പറഞ്ഞിരിക്കുന്നു (സങ്കീർത്തനങ്ങൾ 119:172). [17]ഈ പുസ്തകത്തിൽ പിന്നീടു വരുന്ന "യേശുവിന്റെ പരീക്ഷണങ്ങൾ" എന്ന പാഠത്തിൽ, ആ സത്യത്തിനു പ്രാധാന്യം നൽകിയിരിക്കുന്നു. [18]യേശു തന്റെ ജീവിതത്തിൽ നിർണ്ണായക നിമിഷങ്ങളിലെല്ലാം പ്രാർത്ഥിച്ചിരു ന്നതായി നമ്മോടു ലൂക്കൊസിന്റെ പുസ്തകം പറയുന്നു (നോക്കുക 6:12, 13; 9:28, 29; 22:44, 45; 23:33, 34, 46). [19]പരിശുദ്ധാത്മാവു

പ്രാവായിരുന്നുവെന്ന് ദൈവശ്വാസീയ എഴുത്തുകാർ പറഞ്ഞിട്ടില്ല, എന്നാൽ അവൻ ഇറങ്ങുന്നതു പ്രാവു പോലെ ആണെന്നാണ്. [20]ദൈവികത്വത്തിലെ മൂന്നു വ്യക്തികളെ വിവരിക്കുവാൻ പറ്റിയ നല്ല ഒരു വേദഭാഗമാണിത്, കാരണം ആ സമയത്ത്, മൂന്നു വ്യക്തികൾ മൂന്നു സ്ഥലങ്ങളിൽ, വ്യത്യസ്തകാര്യങ്ങൾ ചെയ്യുകയായിരുന്നു. ദൈവത്തിന്റെ ത്രീ–ഇൻ–വൺ എന്ന ആശയത്തെ കുറിച്ചു അധികവും നമുക്ക് മനസിലാക്കുവാൻ സാധ്യമല്ല, എന്നാൽ ബൈബിൾ അതു പഠിപ്പിക്കുന്നതുകൊണ്ട് നാം അതിനെ വിശ്വാസത്തോടെ സ്വീകരിക്കുന്നു.

[21]പരിശോധിക്കുന്നത്/തെളിയിക്കുന്നതു ദൈവത്തിനു വേണ്ടിയല്ല, നമ്മുടെ ഗുണത്തിനു വേണ്ടിയാണെന്നതിനു ഊന്നൽ കൊടുക്കണം. ദൈവത്തിനു തെളിവ് ആവശ്യമില്ല, നമുക്കാണ് ആവശ്യം. അതുകൊണ്ടു സംഭവത്തിന്റെ വിശദാംശങ്ങൾ നമുക്ക് വേണ്ടിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. [22]യേശു ആ നാല്പതു ദിവസവും പരീക്ഷിക്കപ്പെട്ടു എന്നാണ് ലൂക്കൊസ് 4:2–ലെ പദപ്രയോഗം വെളിപ്പെടുത്തുന്നത്. അവൻ സഹിച്ച മറ്റെല്ലാ പരീക്ഷണ ങ്ങളുടേയും ഉച്ചസ്ഥായിയിലുള്ളതായിരുന്നു ആ രേഖപ്പെടുത്തിയ മൂന്നു പരീക്ഷണങ്ങൾ. ആ പരീക്ഷണങ്ങളെ മത്തായി ഒരു ക്രമത്തിലും ലൂക്കൊസ് മറ്റൊരു ക്രമത്തിലുമാണ് നല്കിയിരിക്കുന്നത്. പല വ്യാഖ്യാതാക്കളും കരുതുന്നത് മത്തായിയുടെ ക്രമം കാലനിർണ്ണയപ്രകാരമുള്ളതുമായി കൂടുതൽ സാമ്യമുള്ള താണെന്നാണ്, അതാണ് നാം ഈ പുസ്തകത്തിൽ പിന്നീടു വരുന്ന "യേശുവിന്റെ പരീക്ഷണം," എന്ന പ്രസംഗത്തിൽ ഉപയോഗിച്ചിരിക്കുന്നതും. ഉചിതമായ ക്രമം എന്നതു വലിയ പ്രാധാന്യം ഉള്ള വിഷയം അല്ല. [23]നമ്മുടെ പരിമിതമായ മനസ്സുകൾക്ക് മനസ്സിലാക്കാത്ത സാധിക്കാത്ത കാര്യങ്ങളിൽ യേശു പരീക്ഷിക്കപ്പെട്ടതു എങ്ങനെ എന്നതിനെ കുറിച്ചുള്ള മിക്ക ചർച്ചകളും കടന്നുചെല്ലുന്നു. [24]യേശുവിന്റെ പാപമില്ലായ്മയെ കുറിച്ചു, നോക്കുക യോഹന്നാൻ 8:46; എബ്രായർ 7:26; 1 പത്രൊസ് 1:19; 1 യോഹന്നാൻ 3:5. [25]"നീ ക്രിസ്തു ആണോ?" എന്ന് ആ കമ്മിറ്റി ചോദിച്ചോ ഇല്ലയോ എന്നു നമുക്ക് അറിയില്ല, എന്നാൽ അവർ അറിയുവാൻ ആഗ്രഹിച്ചതു അതാണെന്നു യോഹന്നാനു മനസിലായി. [26]ആ പ്രവചനം യേശുവിൽ നിറവേറി (പ്രവൃത്തികൾ 3:20, 22). [27]മർക്കൊസ് 1:2, 3–ൽ എൻഎഎസ്ബി യെശയ്യാവിനെ മാത്രമാണ് പറയുന്നതെങ്കിലും, പ്രവചനങ്ങൾ മലാഖിയിൽ നിന്നും യെശയ്യാവിൽ നിന്നുമുള്ളതാണ്. ചില തർജിമകളിൽ ഉള്ളത് കൂടുതൽ പൊതുവായ ഒരു പ്രസ്താവനയാണ്: "പ്രവാചക പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതുപോലെ ..." (കെജെവി നോക്കുക). [28]യെഹൂദന്മാർ പലരും ഇപ്പോഴും പഴയ ഏലിയാവു വരുന്നതിനായി നോക്കിയിരിക്കുന്നുണ്ട്. [29]അവന്റെ ശുശ്രൂഷയും യേശുവിന്റെ ശുശ്രൂഷയും ഏതാനും മാസം ഇടകലർന്നതായിരുന്നു. ആ സമയത്ത്, യോഹന്നാന്റെ പ്രവൃത്തികൾ കുറയുകയും യേശുവിന്റേത് വളരുകയും ചെയ്തിരുന്നു. നോക്കുക യോഹന്നാൻ 3:22–4:2. [30]എത്ര ദൂരം യേശു നടന്നു എന്നത് അവൻ സ്നാനം ഏല്ക്കുവാൻ വന്നപ്പോൾ യോഹന്നാൻ എവിടെയായിരുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു.

[31]മറ്റൊരു പ്രായോഗികത വരുത്താവുന്നത് ഇതാണ്: "പ്രധാനപ്പെട്ട ഒരു ജോലി ചെയ്തു തീർക്കുമെന്നുള്ള പ്രത്യാശയിൽ അതിനു ആവശ്യമായ ഒരുക്കത്തെ നിറവേറുന്നതിനെ കുറിച്ചുള്ള പാഠമാണിത്. നിങ്ങൾ താല്പര്യത്തോടെ ഒരു കാര്യം ചെയ്യുവാൻ തുടങ്ങി അതു പൂർത്തിയാക്കുന്നതിൽ ചിലപ്പോൾ പരാജയപ്പെട്ടിരി ക്കുന്നയാളാണെങ്കിൽ, അതു പൂർത്തിയാക്കുവാൻ നിങ്ങളെ ഈ പാഠം പ്രചോദിപ്പിച്ചുകാണുമെന്നു ഞാൻ വിശ്വസിക്കുന്നു!"